# കേരള കാമ്പസുകളിൽ ക്രിയാത്മക പ്രതിപക്ഷമായി എസ്.ഐ.ഒ

**വിദ്യാർഥിരാഷ്ട്രീയത്തിൽ** സുപ്രധാനമായ കോളേജ്/യൂനിവേഴ്സിറ്റി യൂനിയൻ തെരഞ്ഞെടുപ്പുകളിൽ വൻവിജയം നേടാൻ വിദ്യാർഥി രാഷ്ട്രീയത്തെ സർഗാത്മകതകളോടെ കാമ്പസിൽ പുനരാവിഷ്കരിക്കുക വഴി എസ്.ഐ.ഒവിനു സാധിച്ചു. കേരളത്തിലെ പ്രമുഖ യൂനിവേഴ്സിറ്റികൾക്കു കീഴിൽ നടന്ന തെരഞ്ഞെടുപ്പുകളിലാണ് എസ്.ഐ.ഒ ശ്രദ്ധേയമായ മുന്നേറ്റങ്ങൾ കൈവരിച്ചത്.

കാലിക്കറ്റ് യൂണിവേഴ്സിറ്റിക്ക് കീഴിയിലുള്ള കോളേജുകളിൽ നടന്ന തെരഞ്ഞെടുപ്പുകളിൽ മികച്ച പ്രകടനമാണ് എസ്.ഐ.ഒ കാഴ്ചവെച്ചത്. കോഴിക്കോട് ഫറോഖ് കോളേജിൽ എം.എസ്.എഫിന്റെ ആധിപത്യം തകർത്തുകൊണ്ട് ഫാത്തിമത്ത് ആദില തദ്ബീർ വൈസ്ചെയർമാനായി തെരഞ്ഞെടുക്കപ്പെട്ടു. 102 വോട്ടുകളുടെ വ്യക്തമായ ഭൂരിപക്ഷമാണ് ആദില നേടിയത്. ഇംഗ്ലീഷ് അസോസിയേഷനും എസ്.ഐ.ഒവിന് ലഭിച്ചു. എസ്.എഫ്.ഐ ഫാഷിസത്തെ അതിജയിച്ച് മീഞ്ചന്ത ആർട്സ് കോളേജ്, പാലക്കാട് വിക്ടോറിയ കോളേജ് എന്നിവിടങ്ങളിൽ മാത്സ് അസോസിയേഷനും ബോട്ടണി അസോസിയേഷനും എസ്.ഐ.ഒ നേടി. മൊകേരി ആർട്ട് ആന്റ് സയൻസ് കോളേജ്, മണാശ്ശേരി എം.എ.എം.ഒ കോളേജ് എന്നിവിടങ്ങളിൽ എസ്.ഐ.ഒ രണ്ടാം സ്ഥാനത്തെത്തി. എം.എ.എം.ഒ കോളേജിൽ എസ്.ഐ.ഒ പിന്തുണയോടെ സ്വതന്ത്രനായി മത്സരിച്ച യു.യു.സി സ്ഥാനാർഥി അയാസ് 274 വോട്ടുകൾ നേടി. ഫിസിക്സ് അസോസിയേഷൻ സെക്രട്ടറിയായി എസ്.ഐ.ഒവിന്റെ ഹാറൂൺ വിജയിച്ചു. പാർലമെന്ററി രീതിയിൽ തെരഞ്ഞെടുപ്പ് നടന്ന കോളേജുകളിലും നിരവധി സീറ്റുകളിൽ എസ്.ഐ.ഒ പ്രവർത്തകർ വിജയിച്ചിട്ടുണ്ട്.

മലപ്പുറം ജില്ലയിലെ കാമ്പസുകളിൽ ശക്തമായ മുന്നേറ്റമാണ് എസ്.ഐ.ഒ നടത്തിയത്. തെരഞ്ഞെടുപ്പ് നടന്ന 26 കോളേജുകളിൽ 21 ലും എസ്.ഐ.ഒ മത്സരരംഗത്തുണ്ടായിരുന്നു. എടവണ്ണ ജാമിഅ നദ്‌വിയ്യയിൽ അഞ്ച് ജനറൽ സീറ്റുകളും രണ്ട് അസോസിയേഷനും വിജയിച്ച് യൂനിയൻ എസ്.ഐ.ഒ നേടി. മഞ്ചേരി യൂനിറ്റി വിമൺസ് കോളേജിൽ യു.യു.സി വൻഭൂരിപക്ഷത്തോടെ നിലനിർത്തുകയും വൈസ് ചെയർപേഴ്സൺ സ്ഥാനം പിടിച്ചെടുക്കുകയും ചെയ്തു. മഞ്ചേരി എച്ച്.എം കോളേജിൽ എസ്.ഐ.ഒ-എം.എസ്.എഫ് മുന്നണി യൂനിയൻ തൂത്തുവാരി.

അരീക്കോട് എം.ഇ.എസ്.എസിൽ എസ്.ഐ.ഒവിന്റെ യു.യു.സി സ്ഥാനാർഥി 300 ലധികം വോട്ടുകൾ നേടി രണ്ടാം സ്ഥാനത്തെത്തി. കോമേഴ്സ് അസോസിയേഷൻ സെക്രട്ടറിയായി എസ്.ഐ.ഒവിന്റെ ഹസനുൽബന്ന തെരഞ്ഞെടുക്കപ്പെട്ടു. തിരൂർ ടി.എം.ജിയിൽ ഇതാദ്യമായി ഒറ്റക്ക് മത്സരിച്ച എസ്.ഐ.ഒ, എസ്.എഫ്.ഐയെ പരാജയപ്പെടുത്തി മാത്സ് അസോസിയേഷനിൽ വിജയിച്ചു. അൻസാർ അറബിക് കോളേജിൽ നിന്നും യു.യു.സി യായി എസ്.ഐ.ഒവിന്റെ അഷ്ഫാഖ് തെരഞ്ഞെടുക്കപ്പെട്ടു. തിരൂരങ്ങാടി പി.എസ്.എം.ഒ കോളേജിലെ വിജയചരിത്രം ആവർത്തിച്ചുകൊണ്ട് എസ്.ഐ.ഒവിന്റെ റിഹാബ് അബ്ദുസലാം ജോയിന്റ് സെക്രട്ടറിയായി. പുറമണ്ണൂർ മജ്‌ലിസ് ആന്റ് സയൻസ് കോളേജിലെ കെമിസ്ട്രി അസോസിയേഷൻ 30 വോട്ടുകളുടെ ഭൂരിപക്ഷത്തിൽ എസ്.ഐ.ഒ വിജയിച്ചു.

പൊന്നാനി എം.ഇ.എസ്. കോളേജിലെ യു.യു.സി സ്ഥാനാർഥി സഹൽ 232 വോട്ടുകൾ നേടി. വളാഞ്ചേരി എം.ഇ.എസിൽ രണ്ടാം വർഷ റെപ്പ് ആയി വിജയിച്ച ഫയാസ് 35 വോട്ടിന്റെ ഭൂരിപക്ഷം നേടി. എം.എസ്.എഫിന്റെ ശക്തമായ ഭീഷണിയെ മറികടന്ന് കൊണ്ടോട്ടി ഇ.എം.ഇ.എ കോളേജിൽ വൈസ് ചെയർ പേഴ്സണായി മത്സരിച്ച ഹുദ 254 വോട്ടുകളും എഡിറ്ററായി മത്സരിച്ച സാബിർ 174 വോട്ടുകളും നേടി.

പെരുമ്പിലാവ് അൻസാർ വിമൻസ് കോളേജ് യൂനിയൻ എസ്.ഐ.ഒവിനാണ്. വെമ്പല്ലൂർ എം.ഇ.എസ് അസ്മാബി കോളേജിൽ യു.യു.സി ആയി മത്സരിച്ച ജൗഹൽ 304 വോട്ടുകൾ നേടി രണ്ടാം സ്ഥാനത്തെത്തി. പടിഞ്ഞാറങ്ങാടി മൈനോരിറ്റി ആർട്സ് ആന്റ് സയൻസ് കോളേജിൽ മത്സരിച്ച മുഴുവൻ സീറ്റുകളിലും എസ്.ഐ.ഒ രണ്ടാം സ്ഥാനത്തെത്തി. പാലക്കാട് വിക്ടോറിയ കോളേജിൽ ബോട്ടണി അസോസിയേഷൻ എസ്.ഐ.ഒ എതിരില്ലാതെയാണ് വിജയിച്ചത്.

കാലിക്കറ്റ് സർവ്വകലാശാല യൂനിയൻ ഇലക്ഷനിലും എസ്.ഐ.ഒ ശക്തമായി മത്സരരംഗത്തുണ്ടായിരുന്നു. ചെയർമാൻ, വൈസ് ചെയർമാൻ (ലേഡി) എന്നീ സ്ഥാനങ്ങളിൽ എസ്.ഐ.ഒ–എസ്.എഫ്.ഐ നേരിട്ടുള്ള മത്സരമായിരുന്നു.

കണ്ണൂർ യൂനിവേഴ്സിറ്റിക്കുകീഴിൽ നടന്ന ഇലക്ഷനിലും എസ്.ഐ.ഒ ശക്തമായ പോരാട്ടം കാഴ്ചവെച്ചു.എസ്.എഫ്.ഐയുടെ ഫാഷിസത്തെ തകർത്തെറിഞ്ഞുകൊണ്ടാണ് എസ്.ഐ.ഒ സ്ഥാനാർഥികൾ മത്സര രംഗത്തിറങ്ങിയത്. മത്സരിക്കാൻ ഭയന്നുനിന്ന കെ.എസ്.യു, എം.എസ്.എഫ് വലതുപക്ഷ രാഷ്ട്രീയക്കാർക്ക് കാമ്പസിൽ സംഘടനാപ്രവർത്തനമാരംഭിക്കുന്നതിന് എസ്.ഐ.ഒ വിന്റെ ഇടപെടലാണ് വഴിയൊരുക്കിയത്.

കാസർകോഡ് ജില്ലയിലെ പടന്ന ശറഫ് ആട്സ് & സയൻസ് കോളേജിൽ എം.എസ്.എഫിനെ എതിർത്ത് എസ്.ഐ.ഒ മാത്രമേ മത്സര രംഗത്തുണ്ടായിരുന്നുള്ളൂ. എം.ഐ.സി ആർട്സ്/സയൻസ് കോളേജിൽ എഡിറ്ററായി എസ്.ഐ.ഒ സ്ഥാനാർഥി വിജയിക്കു

കയും ചെയ്തു.

ചതുഷ്ക്കോണമത്സരം നടന്ന തളിപ്പറമ്പ് സർസയ്യിദ് കോളേജിൽ എസ്.ഐ.ഒ വോട്ടിംഗ് നില മെച്ചപ്പെടുത്തി. സർ സയ്യിദ് ഇൻസ്റ്റിറ്റ്യൂട്ടിൽ മാഗസിൻ എഡിറ്ററായി എസ്.ഐ.ഒ പ്രവർത്തകനാണ് തെരഞ്ഞെടുക്കപ്പെട്ടത്. കണ്ണൂർ ഗവ:വനിതാ കോളേജിൽ എസ്.ഐ.ഒ രണ്ടാം സ്ഥാനത്തെത്തി. ഇവിടെ എസ്.എഫ്.ഐയെ പിന്തള്ളി കെമിസ്ട്രി അസോസിയേഷൻ എസ്.ഐ.ഒ പിടിച്ചെടുത്തത് പുതിയ ചരിത്രമായി. ഇലക്ഷൻ പോലും നടക്കാറില്ലായിരുന്ന തലശ്ശേരി ബ്രണ്ണൻ കോളേജിൽ എസ്.ഐ.ഒ, കെ.എസ്.യു, എം.എസ്.എഫ് മുന്നണിയുണ്ടാക്കിയാണ് എസ്.എഫ്.ഐയെ നേരിട്ടത്. കാമ്പസിലെ ഏകാധിപത്യത്തിന് അന്ത്യം കുറിക്കാൻ ഈ മുന്നണിക്ക് സാധിച്ചു. ഉറുദു അസോസിയേഷനിൽ മുന്നണി വിജയിക്കുകയുണ്ടായി. ഉളിയിൽ ഐഡിയൽ കോളേജ് യൂനിയൻ എസ്.ഐ.ഒ തൂത്തുവാരി. വയനാട് ജില്ലയിലെ മാനന്തവാടി മേരിമാതാ കോളേജിലെ പി.ജി റപ്പ് സ്ഥാനത്തേക്ക് എസ്.ഐ.ഒ വിജയിച്ചു.

കേരളാ സർവ്വകലാശാലയിലും എസ്.ഐ.ഒ ശക്തമായി മത്സരരംഗത്തുണ്ടായിരുന്നു. സർവ്വകലാശാലക്കു കീഴിലെ കോളേജുകളിൽ മുഖ്യധാരാവിദ്യാർഥിസംഘടനകളോട് മത്സരിച്ച് ശ്രദ്ധേയമായ മുന്നേറ്റമാണ് എസ്.ഐ.ഒ കൈവരിച്ചത്. മൂന്ന് യു.യു.സി അടക്കം 7 ജനറൽ സീറ്റുകളിൽ എസ്.ഐ.ഒ വിജയിച്ചു. കൂടാതെ മൂന്ന് അസോസിയേഷൻ സീറ്റുകളും നാല് റെപ്രസന്റേറ്റീവ് സീറ്റുകളും എസ്.ഐ.ഒ വിന് ലഭിച്ചു. യൂനിവേഴ്സിറ്റി കോളേജ്, സെന്റ് സേവ്യേഴ്സ് കോളേജ് എന്നിവിടങ്ങളിൽ മത്സരിച്ച സീറ്റുകളിൽ ഇരുന്നൂറോളം വോട്ടുകൾ നേടി എസ്.ഐ.ഒ രണ്ടാം സ്ഥാനത്തെത്തി. നാഷണൽ കോളേജ് യൂനിയൻ എസ്.ഐ.ഒ നിലനിർത്തി. കൊല്ലം ആലപ്പുഴ ജില്ലകളിലും എസ്.ഐ.ഒ മികച്ച പ്രകടനം കാഴ്ചവെച്ചു. കായംകുളം എം.എസ്.എം കോളേജ്, ആലപ്പുഴ എസ്.ഡി. കോളേജ് എന്നിവടങ്ങളിലായി മൂന്ന് അസോസിയേഷൻ സീറ്റുകൾ എസ്.ഐ.ഒവിന് ലഭിച്ചു. മിക്ക സീറ്റുകളിലും മികച്ച പ്രകടനമാണ് എസ്.ഐ.ഒ പ്രവർത്തകർ കാഴ്ചവെച്ചത്. മൊത്തം ഏഴ് കോളേജുകളിലായി മുപ്പതോളം സീറ്റുകളിൽ എസ്.ഐ.ഒ മൽസരിക്കുകയുണ്ടായി.

കേരളാ യൂണിവേഴ്സിറ്റി യൂണിയനിലേക്ക് നടന്ന തെരഞ്ഞെടുപ്പിലും എസ്.ഐ.ഒ കരുത്ത് തെളിയിച്ചു. യൂണിവേഴ്സിറ്റി യൂണിയന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി മെമ്പറായി എസ്.ഐ.ഒ പ്രവർത്തകൻ അൽ മയൂഫ് തെരഞ്ഞെടുക്കപ്പെട്ടപ്പോൾ സെനറ്റിലേക്ക് മത്സരിച്ച ശിഹാബിനും സ്റ്റുഡൻസ് കൗൺസിലിലേക്ക് മത്സരിച്ച അക്രം അർഷദിനും ഓരോ വോട്ടുകൾക്കായിരുന്നു വിജയം നഷ്ടപ്പെട്ടത്. വൈസ്ചെയർമാൻ സ്ഥാനാർത്ഥിയായി മത്സരിച്ച ശ്രീകുമാറും മികച്ച പ്രകടനമാണ് കാഴ്ച്ചവെച്ചത്.

**ശിഹാബ് പൂക്കോട്ടൂർ**
*shihabciefl@gmail.com*